**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1171** | **18-09-2025 - ൽ മറുപടിയ്ക്ക്**

**ജൽജീവൻ മിഷൻ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ചാണ്ടി ഉമ്മൻ** | **ശ്രീ. റോഷി അഗസ്റ്റിൻ**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |

(എ) ഗ്രാമീണ ഭവനങ്ങളിൽ ശുദ്ധജലം എത്തിക്കുവാനുള്ള ജൽജീവൻ മിഷൻ പദ്ധതിയുടെ കരാർ എടുത്ത സംസ്ഥാനത്തെ കോൺട്രാക്ടർമാർക്ക് നാളിതുവരെ എത്ര തുക കുടിശ്ശികയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; നാളിതുവരെ കോൺട്രാക്ടർമാർക്ക് എത്ര തുക നൽകിയിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കാമോ;

(എ) ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഇതുവരെ 5610.30 കോടി രൂപ കേന്ദ്ര വിഹിതമായും 6033.29 കോടി രൂപ സംസ്ഥാന വിഹിതമായും ലഭിച്ചിട്ടുണ്ട്. (ആകെ – 11643.59 കോടി രൂപ). ഈ തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ട്.

ജൽ ജീവൻ മിഷൻ പദ്ധതിയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ 2019-20 മുതൽ 2024-25 സാമ്പത്തിക വർഷം വരെ അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Year | Release by GOI (central share) | Release by GOK (state share) | Total Release (GoI + GoK) | Total expenditure (central and state share) |
|---|---|---|---|---|
| 2019-20 | 101.29 | 101.29 | 202.58 | 125.9 |
| 2020-21 | 303.18 | 303.18 | 606.36 | 621.9 |
| 2021-22 | 1353.44 | 1353.44 | 2706.88 | 2017.0 |
| 2022-23 | 2206.54 | 1616.28 | 3822.82 | 3483.6 |
| 2023-24 | 671.18 | 1207.15 | 1878.33 | 2913.9 |
| 2024-25 | 974.68 | 1451.94 | 2426.62 | 2481.1 |
| 2025-26 | 0 | 0 | 0 | [illegible] |
| Total | 5610.30 | 6033.29 | 11643.59 | 11643.5 |

പദ്ധതിയിൽ നിലവിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വകയിൽ കരാറുകാർക്ക് റോഡ് റീസ്റ്റോറേഷൻ ചാർജ്ജ്, മറ്റ് വകുപ്പുകൾ, ഏജൻസികൾ തുടങ്ങിയവയ്ക്ക് അടയ്ക്കുവാനുള്ള തുക ഉൾപ്പെടെ ആകെ

<table>
<tr><td></td><td></td><td></td><td>6039.24 കോടി രൂപ (5540 ബില്ലുകൾ - 2024 മാർച്ച് മുതൽ 2025 ആഗസ്റ്റ് വരെ) കുടിശ്ശിക നല്കുവാനുണ്ട്.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത പദ്ധതി പൂർത്തിക്കുന്നതിനായി കാലാവധി നീട്ടി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;</td><td>(ബി)</td><td>പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനായി കാലാവധി നീട്ടി നൽകിയിട്ടുണ്ട്. 2025-26 കേന്ദ്ര ബജറ്റ് പ്രകാരം ജൽ ജീവൻ മിഷൻ പദ്ധതിയുടെ കാലാവധി 2028 വരെ നീട്ടിയതായി പ്രഖ്യാപിച്ചിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനായുള്ള തുകയ്ക്ക് ആനുപാതികമായ കേന്ദ്രവിഹിതം മുഴുവൻ ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര തുക ലഭിച്ചിട്ടുണ്ടെന്നും ഇനി ലഭിക്കാനുള്ള തുക എത്രയെന്നും അറിയിക്കാമോ; ഇതിന് ആനുപാതികമായി സംസ്ഥാന വിഹിതം എത്ര തുക അനുവദിച്ചെന്നും ഇനി അനുവദിക്കാനുള്ളത് എത്രയെന്നതും സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കാമോ?</td><td>(സി)</td><td>
കേന്ദ്ര സർക്കാരും കേരള സർക്കാരും സംയുക്തമായി നടപ്പിലാക്കുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ജൽ ജീവൻ മിഷൻ. 50:50 എന്ന അനുപാതത്തിലാണ് ജൽ ജീവൻ പദ്ധതിയിൽ ഫണ്ട് ലഭ്യമാക്കുന്നത്. പദ്ധതിക്ക് കീഴിലുള്ള വിവിധ തുകകൾ/ബില്ലുകൾ വിതരണം ചെയ്യുന്നത് ഇരു ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന ഫണ്ടിന്റെ ലഭ്യതക്ക് അനുസരിച്ചും സീനിയോറിറ്റി അനുസരിച്ചുമാണ്. ജൽ ജീവൻ മിഷനിലൂടെ 54.45 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകാനായി 44,714.79 കോടി രൂപയുടെ പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 39,452.48 കോടി രൂപയുടെ പദ്ധതികൾക്ക് സാങ്കേതിക അനുമതിക്ക് അംഗീകാരം ലഭിക്കുകയും, 35,826.87 കോടി രൂപയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.
പദ്ധതിക്കായി ഇതുവരെ കേന്ദ്ര വിഹിതമായി 5,610.30 കോടി രൂപയും സംസ്ഥാന വിഹിതമായി 6,033.29 കോടി രൂപയും (മൊത്തം 11,643.59 കോടി രൂപ) ലഭിച്ചിട്ടുണ്ട്. ഈ തുക മൊത്തം ചെലവഴിച്ചിട്ടുണ്ട്.
പദ്ധതിയിൽ ലഭിച്ച തുകയുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th>കേന്ദ്രവിഹിതം (തുക കോടിയിൽ)</th><th>സംസ്ഥാനവിഹിതം (തുക കോടിയിൽ)</th></tr>
<tr><td>2020-21</td><td>303.08</td><td>303.08</td></tr>
<tr><td>2021-22</td><td>1353.44</td><td>1353.44</td></tr>
<tr><td>2022-23</td><td>2206.54</td><td>1616.29</td></tr>
<tr><td>2023-24</td><td>671.18</td><td>1207.15</td></tr>
<tr><td>2024-25</td><td>974.68</td><td>1451.93</td></tr>
<tr><td>2025-26</td><td>0</td><td>0</td></tr>
</table>
2024-25 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കേണ്ട രണ്ടാമത്തെ ഗഡുവായ 974.68 കോടി രൂപ ഇതുവരെ ലഭ്യമായിട്ടില്ല. എങ്കിലും, ഈ തുക ലഭിക്കുമെന്ന ഉറപ്പിന്മേൽ സംസ്ഥാന സർക്കാർ മുൻകൂറായി 500 കോടി രൂപ രണ്ടാം ഗഡുവായി അനുവദിച്ചിട്ടുണ്ട്.
</td></tr>
</table>

സെക്ഷൻ ഓഫീസർ